**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2884** **06.11.2019-ൽ മറുപടിക്ക്**

**അൺ-എയിഡഡ് സ്കൂളുകളിലെ അധ്യാപകർക്കായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ : | ശ്രീ ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ അൺ-എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (അൺ-എയ്ഡഡ്) അധ്യാപകരടക്കമുള്ള ജീവനക്കാർക്ക് മെറ്റേണിറ്റി ബെനിഫിറ്റ് നിയമം ബാധകമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത അധ്യാപകർ 'വർക്ക്മെൻ' എന്ന ഗണത്തിലോ 'എംപ്ലോയി' എന്ന നിർവചനത്തിലോ വരാത്തതുമൂലം തൊഴിൽ വകുപ്പിന് ഫലപ്രദമായി ഇടപെടാൻ കഴിയാത്ത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) യും (സി) യും അധ്യാപകർക്ക് തൊഴിൽ സംരക്ഷണവും മിനിമം വേതനവും ഉറപ്പുവരുത്തുന്നതിനും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമുള്ള നിയമനിർമ്മാണം പൊതു വിദ്യാഭ്യാസ വകുപ്പിൽ പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത അധ്യാപകർക്ക് തൊഴിൽ സംരക്ഷണവും മിനിമം വേതനവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ.